വാർഷിക വരുമാനം ഇരുപതിനായിരം രൂപയിൽ കുറവുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള രോഗം ബാധിച്ചവർ അപകടങ്ങളിൽ പരിക്ക് പറ്റിയവർ അപകടങ്ങളിൽ മരണപ്പെട്ടവരുടെ ആശ്രിതർ, തീ പിടുത്തത്തിൽ വസ്തുവകകൾ നശിച്ചവർ, ദുരിതം അനുഭവിക്കുന്നവർക്ക് സൗജന്യ റേഷൻ നൽകൽ തുടങ്ങിയ വിഭാഗങ്ങൾക്കാണ് മുഖ്യമന്ത്രിയുടെ ദുരിദാശ്വാസ നിധിയിൽ നിന്നും തുക അനുവദിച്ചത്.

(ഇ) മുഖ്യമന്ത്രിയുടെ ദുരിദാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ മൂന്ന് ആഴ്ചയ്ക്കകം താലൂക്കാഫീസുകൾ വഴി ധനസഹായം അപേക്ഷകന് ലഭിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ഫണ്ടിന്റെ അഭാവമോ പണം കൈപ്പറ്റുമ്പോൾ ഹാജരാക്കേണ്ട കൃത്യമായ തിരിച്ചറിയൽ രേഖ ഇല്ലാത്തതും മറ്റുമാണ് അനുവദിച്ച ധനസഹായം ലഭിക്കുവാൻ ചിലപ്പോൾ വൈകുന്നത്. ഇത്തരം കുറവുകൾ പരിഹരിക്കാൻ സെക്രട്ടേറിയറ്റിൽ നിന്നും കളക്ട്രേറ്റിൽ നിന്നും വർഷത്തിൽ രണ്ടു തവണ പരിശോധനകൾ നടത്തി പരിഹാര നടപടികൾ സ്വീകരിക്കാറുണ്ട്.

തലസ്ഥാന നഗരത്തിന്റെ സമഗ്രവികസനം

20(*170) ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരത്തിന്റെ സമഗ്രവികസനത്തിനായി ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) തലസ്ഥാന നഗരത്തിന്റെയും തിരുവനന്തപുരം ജില്ലയുടേയും വികസനം സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകാനായി ചുമതലപ്പെടുത്തിയിരുന്ന കാബിനറ്റ് സബ്കമ്മിറ്റി ഇക്കാര്യത്തിൽ എന്തൊക്കെ ശിപാർശകളാണ് നൽകിയിട്ടുള്ളത് ;

(സി) ജില്ലയുടെ സമഗ്രവികസനം സാക്ഷാത്ക്കരിക്കുന്നതിനായി വിവിധ പദ്ധതികൾക്കാവശ്യമായി വരുന്ന സ്ഥലം ലഭ്യമാക്കാൻ ജില്ലയിൽ ഒരു ലാൻഡ് ബാങ്ക് രൂപീകരിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ ഇതുവരെ ഇതിനായി എന്തു നടപടി സ്വീകരിച്ചു ;

(ഡി) തലസ്ഥാന ജില്ലയുടെ വികസനത്തിന്റെ ഭാഗമായി ഏതൊക്കെ പദ്ധതികളാണ് സമയബന്ധിതമായി നടപ്പിലാക്കാൻ മുൻഗണന നൽകുന്നത് എന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ):

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) തലസ്ഥാന നഗര വികസനത്തിന്റെ ഭാഗമായി നടക്കുന്ന വികസന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് കാബിനറ്റ് സബ് കമ്മിറ്റി നിശ്ചിത ഇടവേളകളിൽ യോഗം ചേരുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) തലസ്ഥാന ജില്ലയുടെ വികസനത്തിന്റെ ഭാഗമായി ട്രിഡ ഏറ്റെടുത്ത് നടപ്പാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

കെ.എസ്.യു.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി തലസ്ഥാന ജില്ലയുടെ വികസനത്തിനായി 121.64 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്. സിവറേജ്. ഡ്രെയിനേജ്, റോഡുകളുടെ നവീകരണം എന്നിവയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ജലവിതരണ പദ്ധതി, സിവറേജ് സ്കീം 1-ാം ഘട്ടം, ഖരമാലിന്യ നിർമ്മാർജനം, സിവറേജ് സ്കീം 2-ാം ഘട്ടം. ആധുനിക ബസുകൾ വാങ്ങുന്നതിനുള്ള പദ്ധതി എന്നിവയാണ് ജെ.എൻ.എൻ.യു.ആർ.എം. പ്രകാരം തിരുവനന്തപുരം നഗരസഭയിൽ നടപ്പിലാക്കുന്ന പദ്ധതികൾ. തലസ്ഥാന മേഖലാ വികസന പദ്ധതി മുഖേന നഗര റോഡുകളുടെ വികസനം, തൈക്കാട് വൈദ്യുതി ശ്മശാനം പുനരുദ്ധരിക്കൽ, തിരുവനന്തപുരം (ഹ്രസ്വകാല) കുടിവെള്ള പദ്ധതി, കരമന കിള്ളി എന്നീ നദികളുടെയും ഉള്ളൂർ തോടിന്റെയും വെള്ളപൊക്കം തടയലും മോടി പിടിപ്പിക്കലും. ഇടവക്കോട് മുതൽ കണ്ണമ്മൂല വരെ ഉള്ളൂർ തോടിന്റെ നവീകരണം, തിരുവനന്തപുരം ബസ് ടെർമിനൽ വികസനവും ഈഞ്ചയ്ക്കലിൽ പുതിയ ബസ്സ് സ്റ്റാന്റ് നിർമ്മാണം എന്നീ പ്രവർത്തനങ്ങൾ തലസ്ഥാന നഗരിയിൽ നടപ്പിലാക്കുന്നു. പൊതുമരാമത്ത് വകുപ്പ് വഴിയായി തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതി (TCRIP) നടപ്പിലാക്കി വരുന്നു. ഇതിന്റെ ഒന്നാംഘട്ടം പൂർത്തിയായി രണ്ടാംഘട്ട പ്രവർത്തികൾ നടക്കുന്നുണ്ട്.

ഐ. ടി. മേഖലയിലെ നിക്ഷേപം

21(*171) ശ്രീ. വി. എൻ. വാസവൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഐ.ടി. മേഖലയിൽ വൻതോതിൽ നിക്ഷേപം ആകർഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിനായി ഏതെല്ലാം ദേശീയ-അന്തർദ്ദേശീയ സ്ഥാപനങ്ങൾ മുന്നോട്ടുവന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) കഴക്കൂട്ടം-കോവളം ബൈപ്പാസിനോടു ചേർന്ന് ഐ.ടി. കോറിഡോർ സ്ഥാപിക്കുന്ന കാര്യത്തിൽ ഉണ്ടായ പുരോഗതി വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly